**കേരള സ്റ്റേറ്റ് ഐടി മിഷൻ**

നിലവിൽ ഇ-ഡിസ്ട്രിക്ട് പദ്ധതി മുഖാന്തിരം നൽകിവരുന്ന PDF രൂപത്തിലുള്ള സർട്ടിഫിക്കറ്റുകളുടെ സാധുത പരിശോധിക്കുന്നതിനായി ഒരു ടിക് മാർക്ക് ദൃശ്യ രൂപേണെ നൽകിയിട്ടുണ്ട് . ഡിജിറ്റൽ ഫോർമാറ്റിൽ നിലകൊള്ളുമ്പോൾ മാത്രമാണ് ഡിജിറ്റൽ ഒപ്പോടുകൂടിയ സർട്ടിഫിക്കറ്റുകൾ സാധുവാകുന്നത് എന്നിരിക്കെ പലപ്പോഴും സർട്ടിഫിക്കറ്റുകൾ പ്രിന്റ് ഔട്ട് ആയി സമർപ്പിക്കുന്നതായാണ് കണ്ടുവരാറുള്ളത് ഇത്തരത്തിൽ പേപ്പറിൽ പ്രിന്റ് എടുക്കുന്ന ഡിജിറ്റൽ ഒപ്പുള്ള ഡോക്യുമെന്റുകൾ ടിക് മാർക്ക് ഉണ്ടെങ്കിൽപോലും ആധികാരികമല്ല എന്നതാണ് വസ്തുത . ഇ-ഡിസ്ട്രിക്ട് വെബ്സൈറ്റിലെ നിലവിലുള്ള സാങ്കേതിക വിദ്യ നവീകരിക്കുന്നതിന്റെ ഭാഗമായി 02/05/2022 മുതൽ ഇ-ഡിസ്ട്രിക്ട് മുഖേന നൽകുന്ന സർട്ടിഫിക്കറ്റുകളിൽ നിന്നും "ടിക് മാർക്" ഒഴിവാക്കുന്നതാണ്. ഡിജിറ്റൽ ഒപ്പോടുകൂടിയ രൂപത്തിലുള്ള സർട്ടിഫിക്കറ്റുകളുടെ ആധികാരികതയും സാധുതയും അഡോബ് അക്രോബാറ്റ് റീഡറുടെ സിഗ്നേച്ചർ പാനലിൽ നിന്നും ഉറപ്പ് വരുത്താവുന്നതാണ്. ഇതിനു പുറമെ ഇ-ഡിസ്ട്രിക്ട് വെബ് സൈറ്റ് വഴി നൽകുന്ന സർട്ടിഫിക്കറ്റുകളുടെ ആധികാരികത ഇ-ഡിസ്ട്രിക്ട് വെബ്സൈറ്റിൽ- "സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ" (https://edistrict.kerala.gov.in/qrVerify.do?qr=qrVerify) എന്ന ലിങ്കിൽ നിന്നും പരിശോധിക്കാവുന്നതാണ്.

ഡയറക്ടർ